**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1937** **20-06-2024 - ൽ മറുപടിയ്ക്ക്**

**ബാലുശ്ശേരി മണ്ഡലത്തിലെ കായണ്ണ പഞ്ചായത്ത് സ്റ്റേഡിയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. എം. സച്ചിൻദേവ്** | | **ശ്രീ. വി. അബ്ദുറഹിമാൻ (ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയുടെ ഭാഗമായി ബാലുശ്ശേരി മണ്ഡലത്തിൽ അനുവദിച്ച കായണ്ണ ഗ്രാമപഞ്ചായത്ത് സ്റ്റേഡിയത്തിന്റെ പ്രവൃത്തി ആരംഭിക്കുന്നതിന് എന്താണ് തടസ്സമെന്ന് അറിയിക്കാമോ; പ്രസ്തുത പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | (എ) | ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയിലുൾപ്പെട്ട ബാലുശ്ശേരി മണ്ഡലത്തിലെ കായണ്ണ ഗ്രാമപഞ്ചായത്ത് സ്റ്റേഡിയം നിർമ്മാണ പ്രവൃത്തിയുടെ 50 ശതമാനം തുകയായ 50 ലക്ഷം രൂപയ്ക്ക് എം.എൽ.എ എ.ഡി.എസ്.-ൽ നിന്നും 30.12.2023 തീയതിയിലെ എൽ.എസ്.ജി.ഡി/ ജെ.ഡി/കെ.കെ.ഡി/6809/2023-എഫ്2 നമ്പർ ഉത്തരവ് പ്രകാരം ജില്ലാ കളക്ടറുടെ ഭരണാനുമതി ലഭ്യമായിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 50% പ്ലാൻ വിഹിതത്തിൽ നിന്നുള്ള 50 ലക്ഷം രൂപയും ചേർത്ത് SOP (Standard Operating Procedure) പ്രകാരം 1 കോടി രൂപയുടെ സമഗ്ര ഭരണാനുമതി, കായിക വകുപ്പ് ഡയറക്ടറുടെ 11.01.2024 തീയതിയിലെ നടപടിക്രമം നമ്പർ എ3-7941/23/ ഡി.എസ്.വൈ.എ. പ്രകാരം നൽകിയിട്ടുണ്ട്. തുടർന്ന് 01.02.2024 തീയതിയിൽ സാങ്കേതികാനുമതി നല്കുകയും, 06.02.2024, 09.03.2024, 29.04.2024 എന്നീ തീയതികളിലായി 3 തവണ ടെൻഡർ ക്ഷണിക്കുകയും ചെയ്തിരുന്നുവെങ്കിലും ആരും തന്നെ ടെൻഡറിൽ പങ്കെടുത്തിരുന്നില്ല. റീ-ടെൻഡർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ